കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം-വരൾച്ചാ ദുരിതാശ്വാസ-ഗ്രാമീണ ശുചിത്വ പദ്ധതികളിലെ ക്രമക്കേട്-കല്പറ്റ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.എം.എസ്.അനിൽകുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ.(സാധാ)നം.2713/2018/ തസ്വഭവ, തിരുവനന്തപുരം,തീയതി: 23.10.2018

---

പരാമർശം :- 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29/09/2006-ലെ സി3 (വിസി-9/04/വയനാട്) 39288/2004 നമ്പർ കത്ത്.

2. ശ്രീ.എം.എസ്.അനിൽകുമാറിന് സർക്കാരിൽ നിന്നും നൽകിയ 02/03/2007-ലെ 9321/ഇബി4/2006/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
3. ശ്രീ.എം.എസ്.അനിൽകുമാറിന്റെ 10/05/2007-ലെ പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 30/08/2008-ലെ 6686/എസ്റ്റാ.എ 4/2007/ സിആർഡി നമ്പർ കത്ത്.
5. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08/05/2015-ലെ സി3 (വിസി9/04/ഡബ്ല്യുവൈഡി) 39288/04 നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ കല്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ വരൾച്ചാ ദുരിതാശ്വാസ - കേന്ദ്ര ഗ്രാമീണ ശുചിത്വ പദ്ധതികളിൽ ക്രമക്കേടുകൾ സംഭവിച്ചതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വിസി9/04/വയനാട് ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയും പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 01/04/1997 മുതൽ 31/03/2002 വരെയുള്ള കാലയളവിൽ പ്രസ്തുത പദ്ധതികൾക്കായി 6,94,384/- (ആറ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ്റി എൺപത്തിനാല്) രൂപ റ്റി.പി.80 നമ്പരായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ച് പണം ദുരുപയോഗം നടത്തിയതായും പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ നശിപ്പിക്കപ്പെട്ടതായും പരിശോധനയിൽ വിജിലൻസ് കണ്ടെത്തി.

വിജിലൻസ് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കല്പറ്റ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.എം.എസ്.അനിൽകുമാറിനെതിരെ 1960 ലെ കെ.സി.എസ് (സിസി &എ) ചട്ടം 16 പ്രകാരം സർക്കാർ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകുകയും ചെയ്തു. പരാമർശം (3) പ്രകാരം ടിയാൻ പ്രതിവാദപത്രിക സമർപ്പിച്ചു. പ്രതിവാദ പത്രികയിൽ തനിക്കെതിരെയുള്ള ആരോപണങ്ങൾ ടിയാൻ നിഷേധിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ബ്ലോക്കിലെ ഹെഡ്ക്ലാർക്ക് ആയിരുന്ന ശ്രീ.ഇമ്പിച്ചി മൊയ്തീൻകുട്ടിയുടെ പക്കലാണുണ്ടായിരുന്നതെന്നും ഫയലുകൾ തിരികെ കൈമാറിയതിനു ശേഷമാണോ ടിയാൻ അവധിയിൽ പ്രവേശിച്ചതെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഫയലുകൾ താൻ കണ്ടിട്ടില്ലെന്നും രേഖകൾ പരിശോധിക്കുന്നതിനു സമയം അനുവദിക്കണമെന്നും തന്നെ നേരിൽ കേൾക്കണമെന്നും അപേക്ഷിച്ചു.

ടിയാന്റെ പ്രതിവാദ പത്രികയിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. ഫണ്ട് തിരിമറി നടത്തി എന്ന ആരോപണത്തിന് ടിയാൻ മറുപടി നൽകിയിട്ടില്ലെന്നും എന്നാൽ വരൾച്ചാ ദുരിതാശ്വാസ - കേന്ദ്ര ഗ്രാമീണ ശുചിത്വ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്തിരുന്നത് ഹെഡ്ക്ലാർക്ക് ശ്രീ.ഇമ്പിച്ചി മൊയ്തീൻ കുട്ടിയാണെന്നും ടിയാന് ലീവ് അനുവദിച്ച് ഉത്തരവായിരുന്നില്ലെന്നും ശ്രീ.എം.എസ്.അനിൽകുമാറിന് ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും ഗ്രാമ വികസന കമ്മീഷണർ അഭിപ്രായപ്പെട്ടു. 09/04/ വയനാട് കേസിലെ തുടർ നിയമനനടപടികൾ അവസാനിപ്പിച്ചുകൊണ്ട് 29/03/2007-ൽ കോഴിക്കോട് വിജിലൻസ് കോടതി ഉത്തരവായിട്ടുള്ളതായി പരാമർശം (5) പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

ശ്രീ.എം.എസ്.അനിൽകുമാറിനെ 28/09/2018-ന് സർക്കാർ നേരിൽ കേട്ടു. നേരിൽകേട്ട വേളയിലും പ്രതിവാദ പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ടിയാൻ ആവർത്തിച്ചു. 6,94,384/- രൂപ (ആറ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ) നഷ്ടപ്പെട്ടതിന് തനിക്ക് യാതൊരു ബന്ധവുമില്ലെന്നും ഹെഡ് ക്ലാർക്കായിരുന്ന ശ്രീ.ഇമ്പിച്ചി മൊയ്തീൻകുട്ടിയാണ് പ്രസ്തുത തിരിമറി നടത്തിയിട്ടുള്ളതെന്നും അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കല്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ 01/04/1997 മുതൽ 31/03/2002 വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ വരൾച്ചാദുരിതാശ്വാസ-കേന്ദ്ര ഗ്രാമീണ ശുചിത്വ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ നഷ്ടപ്പെട്ട സംഭവത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.എം.എസ്.അനിൽകുമാറിന് പങ്കില്ലെന്നും എന്നാൽ ടിയാന്റെ ഭാഗത്ത് നിന്നും മേൽ നോട്ടപിശക് സംഭവിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ടിയാൻ ധനാപഹരണം നടത്തിയിട്ടുള്ളതായി വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. നഷ്ടപ്പെട്ട ഫയലുകൾ വീണ്ടെടുക്കാത്തത് ടിയാന്റെ ഭാഗത്തു നിന്നുള്ള കൃത്യവിലോപമാണ്.

മേൽ സാഹചര്യത്തിൽ കല്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ വരൾച്ചാദുരിതാശ്വാസ കേന്ദ്ര ഗ്രാമീണ ശുചിത്വ പദ്ധതികളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.എം.എസ്.അനിൽകുമാറിനെതിരെ 1960 ലെ കെ.സിഎസ് (സിസി&എ) ചട്ടം 16 പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടി, ചട്ടം 11 (i) (iii) പ്രകാരം ടിയാന്റെ രണ്ട് വാർഷിക വർദ്ധനവുകൾ സഞ്ചിതപ്രാബല്യത്തോടെയല്ലാതെ ഒരോ വർഷത്തേക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത.കെ.എസ്.**
**ഡപ്യൂട്ടി സെക്രട്ടറി**

1) ശ്രീ.എം.എസ്.അനിൽകുമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
4) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5) വിജിലൻസ്(ഇ) വകുപ്പ്( 5.12.2006 ലെ ഇ 3/9930/06/വിജ് നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം
6) ഡയറക്ടർ,വിജിലൻസ്&ആന്റികറപ്ഷൻബ്യൂറോ(8.5.2015 ലെ സി3(വിസി9/04/WYD)39288/04 നമ്പർ കത്ത് പ്രകാരം
7) തദ്ദേശ സ്വയംഭരണ(ഇആർഎ) വകുപ്പ്
8) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ